# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 214          14.12.2015 ൽ മറുപടിക്ക്.

## സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | 2015-16 ബഡ്ജറ്റിൽ 500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | എ) | 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ 500 കോടി രൂപ ചെലവു വരുന്ന സമ്പൂർണ്ണ ആരോഗ്യ കേരളം എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഗവൺമെന്റ് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ആകസ്മികമായ അത്യാഹിതങ്ങളിൽ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിലേയ്ക്കായി നടപ്പിലാക്കിയ "കാരുണ്യ ബനവലന്റ് ഫണ്ട്" സർക്കാരിന്റെ പ്രധാന ഫ്ലാഗ്ഷിപ് പദ്ധതിയാണ്. ഈ വിഭാഗത്തിലെ മറ്റ് പദ്ധതികൾ RSBY, CHIS, CHIS Plus, ആരോഗ്യ കിരണം, താലോലം, കാൻസറിനെതിരെ കുട്ടികൾക്കുള്ള ചികിത്സാ സഹായം, കൂടാതെ മറ്റു വകുപ്പുകളിൽ നിന്നും ക്ഷേമനിധി |

| | | | |
|---|---|---|---|
| | | | ബോർഡുകളിൽ നിന്നും ലഭിക്കുന്ന സഹായം തുടങ്ങിയവാണ്. പദ്ധതികളുടെ വൈവിധ്യം ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാനും നടപടികൾ സങ്കീർണ്ണമാക്കുവാനും പൊതുധനം ദുരുപയോഗം ചെയ്യുന്നതിന് സാധ്യത ഉണ്ടാകയും ചെയ്യുന്നു. പദ്ധതികളുടെ വൈവിധ്യം കാരണം അപേക്ഷകർക്ക് ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ നൽകിവരുന്ന സഹായത്തിനായി പലയിടങ്ങളിൽ അലയേണ്ടി വരുന്നു. അതിനാൽ സമാനമായ എല്ലാ സ്കീമുകളെയും "സമ്പൂർണ്ണ ആരോഗ്യ കേരളം" എന്ന ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഫലമായി ചികിത്സ ലഭിക്കുന്നതിന് വിവിധ ഏജൻസികളെ സമീപിക്കേണ്ടി വരില്ല, പകരം സ്മാർട്ട് ഹെൽത്ത് കാർഡ് വഴി തെരഞ്ഞെടുത്ത പബ്ളിക്/ പ്രൈവറ്റ് ആശുപത്രികളിൽ നിന്നും ചികിത്സ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ബി & സി) | പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമാകാനിരിക്കുന്നതേയുള്ളൂ. |
| സി) | പ്രസ്തുത പദ്ധതിയിലൂടെ അർഹരായ എല്ലാ ആളുകൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും | | |

| | | | |
|---|---|---|---|
| | സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത ആവശ്യത്തിനായി എന്തു തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | | |
| ഡി) | പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിനും സുഗമമായ നടത്തിപ്പിനും തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുമായി രൂപീകരിച്ച കാബിനറ്റ് സബ് കമ്മിറ്റിയുടെയും ഉന്നതാധികാര സമിതിയുടെയും തീരുമാനങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും അറിയിക്കാമോ; | ഡി) | സ്കീമിന് അന്തിമ രൂപം നൽകുന്നതിനും നടപ്പിൽവരുത്തുന്നതിനുമായി ഗവൺമെന്റ് ചീഫ് സെക്രട്ടറി ചെയർമാനായും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും മറ്റു സെക്രട്ടറിമാർ, വകുപ്പു തലവൻമാർ തുടങ്ങിയവർ മെമ്പർമാരായും ഒരു എംപവേർഡ് കമ്മിറ്റി ജി.ഒ(പി) നം.132/2015/ഫിൻ തീയതി 07.04.2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 28.04.2015, 28.05.2015 തീയതികളിൽ എംപവേർഡ് കമ്മിറ്റിയോഗം ചേർന്ന് സ്കീം രൂപീകരണം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. |
| ഇ) | സമ്പൂർണ്ണ ആരോഗ്യകേരളം ട്രസ്റ്റിന്റെ പ്രവർത്തനവും ഫണ്ടിന്റെ ലഭ്യതയും വിനിയോഗവും വിശദമാക്കുമോ? | ഇ) | പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**